നിന്നും ഭിന്നാഭിപ്രായങ്ങൾ ഉയർന്നുവന്നതിനെത്തുടർന്ന് വടക്ക് നന്ദാരപ്പടവ് മുതൽ പാലക്കാട് ടൗൺ വരെയുള്ള ഒന്നാം ഭാഗത്തിന്റെ റൂട്ട് നിർണ്ണയം NATPAC നടത്തിയ പഠനത്തിന്റെ വെളിച്ചത്തിലും റോഡ് കടന്നുപോകുന്ന മേഖലയിലെ എം.എൽ.എ.-മാർ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും റൂട്ട് അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് 3-1-2005-ൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ റോഡിന്റെ നിർമ്മാണം ഘട്ടംഘട്ടമായി ഏറ്റെടുത്ത് നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം ബഹു. മുഖ്യമന്ത്രി 14-1-2005-നു നടത്തുകയുണ്ടായി.

(ബി) ബാധകമല്ല.

(സി) ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. [G.O. (Rt.) No. 13/05/PWD. dated 3-1-2005].

(ഡി) റൂട്ട് നിശ്ചയിക്കപ്പെട്ട ഒന്നാംഭാഗത്തിലുൾപ്പെടുന്ന വയനാട് ജില്ലയുടെ ആസ്ഥാനത്തെ ബന്ധിപ്പിക്കുന്നുണ്ട്.

ആദിവാസി ജനസമൂഹത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ

*8 [430] *ശ്രീ. എ. കെ. ബാലൻ:*

„ *കെ. കെ. ജയചന്ദ്രൻ:*

„ *രാജു എബ്രഹാം:*

„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനസമൂഹത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ ക്ഷേമപദ്ധതികളെ സംബന്ധിച്ച അവബോധം ആദിവാസികളിൽ ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

GPM. 2/608/2012—6

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)*:

(എ) ആദിവാസി ജനവിഭാഗങ്ങൾക്കായി സർക്കാർ വിവിധ വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ-സാമ്പത്തികോന്നമന പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ പ്രീ മെട്രിക്കുലേഷൻ/പോസ്റ്റ് മെട്രിക്കുലേഷൻ വിദ്യാഭ്യാസാനുകൂല്യങ്ങൾ, മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, വൈദ്യസഹായഘടകങ്ങളുടെ പ്രവർത്തനം, മാനന്തവാടി, ഇടുക്കി, അട്ടപ്പാടി ആരോഗ്യ പദ്ധതികൾ, വിവിധ രോഗങ്ങൾ ബാധിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും, ഭവനനിർമ്മാണം എന്നിവയാണ്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന പദ്ധതികൾ—ആദിവാസി പുനരധിവാസമിഷൻ മുഖേനയുള്ള ഭൂരഹിത ആദിവാസികളുടെ പുനരധിവാസ പരിപാടി, സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ, ശുദ്ധജലവിതരണവും ശുചിത്വവും, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വൈദ്യുതി, റോഡ്, വിദ്യാഭ്യാസ ആരോഗ്യമേഖലകളിൽ പുരോഗതി എന്നിവയ്ക്കുള്ള കോർപ്പസ്ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ, വയനാട് ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ കുടിവെള്ള പദ്ധതി (ഗിരിധാര), പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി, പട്ടികവർഗ്ഗപ്രദേശങ്ങളിലെ സ്കൂളുകളുടെയും, ഹോസ്റ്റലുകളുടെയും അടിസ്ഥാനസൗകര്യ വികസന പദ്ധതി, പ്രാക്തന ഗോത്രവർഗ്ഗക്കാർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, പട്ടിക വർഗ്ഗക്കാർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സന്നദ്ധസംഘടനകൾക്ക് ധനസഹായം, ഊരുകൂട്ടങ്ങളുടെ രൂപീകരണവും പരിശീലനവും, അഗതി മന്ദിരങ്ങൾ, മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, പ്രീ-മെട്രിക് ഹോസ്റ്റലുകൾ എന്നിവയിലെ കുട്ടികൾക്ക് കൗൺസലിംഗ് പരിപാടി, പ്രാക്തന ഗോത്രവർഗ്ഗ കുട്ടികൾക്കുള്ള പര്യടനവിദ്യാഭ്യാസ പരിപാടി, പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും വ്യക്തിത്വവികസനത്തിലും ഒരു മാസത്തെ പരിശീലന പരിപാടി എന്നിവയാണ്.

(ബി) ഉണ്ട്.

(സി) മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി പത്താം പദ്ധതിയിൽ പട്ടികവർഗ്ഗ വികസന പരിപാടികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ അധിവാസപ്രദേശത്തെ വികസനങ്ങൾ ചർച്ചചെയ്ത് പദ്ധതികൾ നിർദ്ദേശിക്കുന്നതിനും, പട്ടികവർഗ്ഗ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും, പട്ടികവർഗ്ഗക്കാരുടെ ഗ്രാമസഭകളായ ഊരുകൂട്ടങ്ങൾ രൂപീകരിക്കുന്നതിനും പരിശീലനം നൽകുന്നതിലേക്കുംവേണ്ടി 3-9-2003-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 750/2003/പജാ.പവ. വിവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേക പദ്ധതിക്ക് രൂപംനൽകുകയുമുണ്ടായി. ഇതനുസരിച്ച് എല്ലാ പട്ടികവർഗ്ഗ പ്രദേശങ്ങളിലും ഊരുകൂട്ടങ്ങൾ രൂപീകരിക്കുകയും, ഇവർക്ക് ക്ഷേമപദ്ധതികളെ സംബന്ധിച്ച് പരിശീലനവും, ബോധവൽക്കരണവും നൽകുന്നതിന് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും വിവിധ പരിപാടികൾ നടപ്പാക്കുകയുമുണ്ടായി. (തൃശ്ശൂർ 'കില', കോഴിക്കോട് 'കിർത്താഡ്സ്' എന്നിവ മുഖേന). കൂടാതെ ഇടത്തട്ടുകാരുടെ ചൂഷണം തടയുന്നതിനും വീട്, കുടിവെള്ളം എന്നിവ ഗുണഭോക്താക്കളുടെ സഹകരണത്തോടുകൂടി നടപ്പാക്കുന്നതിനും പ്രാപ്തരാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. (വയനാട് ഗിരിധാരാ പദ്ധതി, ഭവനനിർമ്മാണം മുതലായവ). ആദിവാസികളുടെ ഇടയിൽ മിതവ്യയം ശീലിപ്പിക്കുന്നതിന് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും, ശാക്തീകരിക്കുന്നതിനും ഒരു പ്രത്യേകപദ്ധതിതന്നെ ആവിഷ്കരിക്കുകയും, ഇതിന്റെ നിർവ്വഹണചുമതല കുടുംബശ്രീമിഷനെ ഏൽപ്പിക്കുകയുമുണ്ടായി.

(ഡി) ഉണ്ട്.

(ഇ) പട്ടികവർഗ്ഗ വികസനത്തിന്റെ ഭാഗമായി ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾ എല്ലാംതന്നെ ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇവയിൽ പ്രധാനപ്പെട്ടവയാണ് പട്ടികവർഗ്ഗ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കൂളുകൾ, പ്രീ മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ, ആരോഗ്യക്ഷേമ പരിപാടികൾ, പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏറ്റെടുത്തു നടപ്പാക്കുന്ന റോഡ്, വൈദ്യുതി, കുടിവെള്ളം, സാംസ്കാരിക നിലയങ്ങൾ, സ്ഥിരവരുമാനം ലഭിക്കുന്നതിലേക്ക് കൃഷി അടിസ്ഥാനമായുള്ള പദ്ധതികൾ, ഭൂരഹിതർക്ക് ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും ജീവനോപാധികളും ഏർപ്പെടുത്തൽ, പാരമ്പര്യ തൊഴിലുകളിലും, നൂതന സാങ്കേതിക തൊഴിലുകളിലുമുള്ള പരിശീലന പരിപാടികൾ എന്നിവ.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസ്

*9 [431] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

„ മത്തായി ചാക്കോ:

„ എം. വി. ജയരാജൻ:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലുള്ള സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലും മെരിറ്റ് കാട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly